# KERALA STATE FILM AWARDS 2019



# 50TH



2021 January 29
Tagore Theatre
Thiruvananthapuram

KERALA STATE CHALACHITRA ACADEMY

# 50 -ാമത്

# കേരള
# സംസ്ഥാന
# ചലച്ചിത്ര
# അവാർഡ്
# 2019



# ജെ.സി. ഡാനിയേൽ പുരസ്കാരം 2019

മലയാള ചലച്ചിത്രരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള 2019ലെ ജെ.സി. ഡാനിയേൽ പുരസ്കാരത്തിന് സംവിധായകൻ ഹരിഹരൻ അർഹനായി. അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്നതാണ് അവാർഡ്. എം.ടി വാസുദേവൻ നായർ ചെയർമാനും സംവിധായകൻ ഹരികുമാർ, നടി വിധുബാല, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ് ഐ.എ.എസ് എന്നിവർ അംഗങ്ങളുമായ സമിതിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്.



# ഹരിഹരൻ

മലയാള സിനിമയുടെ കലാപരവും ഭാവുകത്വപരവുമായ പരിവർത്തനങ്ങൾക്ക് ഒപ്പം സഞ്ചരിക്കുകയും ചലച്ചിത്ര ചരിത്രത്തിലെ നാഴികക്കല്ലുകളായ സിനിമകൾ സമ്മാനിക്കുകയും ചെയ്ത സംവിധായകൻ. 1973 മുതൽ 2013 വരെയുള്ള കാലയളവിൽ കലാമൂല്യമുള്ള 50ൽപ്പരം സിനിമകൾ മലയാളിക്ക് സമ്മാനിച്ച ഹരിഹരൻെറ അരനൂറ്റാണ്ടു നീണ്ട ചലച്ചിത്രസപര്യയ്ക്കുള്ള അംഗീകാരമാണ് കേരള സർക്കാരിൻെറ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി. ഡാനിയേൽ അവാർഡ്. 1988ൽ സംവിധാനം ചെയ്ത 'ഒരു വടക്കൻ വീരഗാഥ' നാല് ദേശീയ അവാർഡുകളും ആറ് സംസ്ഥാന ചലച്ചിത്ര അവാർഡുകളും കരസ്ഥമാക്കി. 'സർഗം' കലാമൂല്യവും ജനപ്രീതിയുമുള്ള ചിത്രത്തിനുള്ള 1992ലെ ദേശീയ അവാർഡും മികച്ച സംവിധായകനുള്ള അവാർഡ് ഉൾപ്പെടെ മൂന്ന് സംസ്ഥാന പുരസ്കാരങ്ങളും നേടി. 'പരിണയം' 1995ലെ സാമൂഹിക പ്രസക്തിയുള്ള ചിത്രത്തിനുള്ള അവാർഡ് ഉൾപ്പെടെ നാല് ദേശീയ അവാർഡുകളും നാല് സംസ്ഥാന അവാർഡുകളും നേടി. 'കേരളവർമ്മ പഴശ്ശിരാജ' 2009ലെ മികച്ച മലയാള ചിത്രത്തിനുള്ള അവാർഡ് ഉൾപ്പെടെ നാല് ദേശീയ അവാർഡുകളും മികച്ച സംവിധായകനുൾപ്പെടെയുള്ള എട്ട് സംസ്ഥാന അവാർഡുകളും നേടി. എം.ടി വാസുദേവൻ നായരുടെ രചനകൾക്ക് ഹരിഹരൻ നൽകിയ ചലച്ചിത്രാവിഷ്കാരങ്ങളെല്ലാം മലയാളിപ്രേക്ഷകൻ നെഞ്ചിലേറ്റിയവയാണ്. സുദീർഘമായ ഒരു കാലയളവിലെ സജീവമായ സാന്നിധ്യത്തിലൂടെ മലയാള സിനിമയെ കലാപരമായി സമ്പന്നമാക്കിയ ഹരിഹരന് കേരള സർക്കാരിൻെറ ആദരം.

# 50-ാമത്
# കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് 2019


എഡിറ്റർ

**സി. അജോയ്**

സെക്രട്ടറി, കേരള സംസ്ഥാന
ചലച്ചിത്ര അക്കാദമി

പുസ്തക രൂപകൽപ്പന

**ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്**

ശാസ്തമംഗലം, തിരുവനന്തപുരം

അച്ചടി

**ഓറഞ്ച് പ്രിന്റേഴ്സ്**

തിരുവനന്തപുരം



## പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

അമ്പതാമത് സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന ചലച്ചിത്ര അക്കാദമി ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. എല്ലാ ഭാവുകങ്ങളും നേരുന്നു.

കുടുംബത്തിലും സമൂഹത്തിലും നിലനിൽക്കുന്ന പുരുഷാധിപത്യത്തിന് എതിരായ സ്ത്രീകളുടെ ചെറുത്തുനിൽപ്പ്, ആദിവാസികൾ നേരിടുന്ന നിർദയമായ ചൂഷണം, യന്ത്രയുഗത്തിലെ സങ്കീർണമായ മനുഷ്യബന്ധങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പ്രമേയങ്ങൾ അവതരിപ്പിച്ച സിനിമകൾക്കാണ് ഇത്തവണ പുരസ്കാരങ്ങൾ ലഭിച്ചത്. സിനിമയെ ഒരു വിനോദോപാധി എന്നതിലുപരി ഉദാത്തമായ കല എന്ന നിലയിൽ സമീപിക്കുന്ന നിരവധി സൃഷ്ടികൾക്ക് അവാർഡ് ലഭിക്കുകയുണ്ടായി. മലയാളിയുടെ ജീവിതത്തെ സസൂക്ഷ്മം നിരീക്ഷിച്ച്, കേരളത്തിലെ മനുഷ്യാവസ്ഥ കലാപരമായി ആവിഷ്കരിച്ച് അംഗീകാരം നേടിയ എല്ലാ ചലച്ചിത്രപ്രതിഭകൾക്കും അഭിനന്ദനങ്ങൾ. കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്രബഹുമതിയായ ജെ.സി ഡാനിയേൽ അവാർഡ് ലഭിച്ച സംവിധായകൻ ഹരിഹരനെയും ഈയവസരത്തിൽ അനുമോദിക്കുന്നു.

50 -ാമത്

കേരള
സംസ്ഥാന
ചലച്ചിത്ര
അവാർഡ്
2019




## എ. കെ. ബാലൻ

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്ഷേമ, നിയമ, സാംസ്കാരിക, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

# സന്ദേശം

മലയാള സിനിമയുടെ ശോഭനമായ ഭാവിയെക്കുറിച്ച് ശുഭസൂചനകൾ നൽകുന്നതാണ് 50 ാമത് കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ. സമാന്തര സിനിമ നിരവധി അംഗീകാരങ്ങൾ നേടി. 2019ലെ അവാർഡിന് പരിഗണിക്കുന്നതിനായി 119 സിനിമകൾ സമർപ്പിക്കപ്പെട്ടിരുന്നു. ഇവയിൽ 50 ശതമാനത്തിലധികം എൻട്രികൾ നവാഗത സംവിധായകരുടേതാണ് എന്നത് പ്രതീക്ഷയുളവാക്കുന്ന വസ്തുതയാണ്. 71 സിനിമകളാണ് നവാഗത സംവിധായകരുടേതായി മൽസരരംഗത്ത് ഉണ്ടായിരുന്നത്. ഡിജിറ്റൽ യുഗത്തിൽ ചലച്ചിത്ര നിർമ്മാണം അയത്നലളിതവും അതിൻെറ സാങ്കേതികത ചെലവു കുറഞ്ഞതുമാവുമ്പോൾ വർഷംതോറും നിർമ്മിക്കപ്പെടുന്ന സിനിമകളുടെ എണ്ണത്തിൽ വർധനവുണ്ടാവുക സ്വാഭാവികം. സിനിമയുടെ വാർഷികവിളവെടുപ്പിൽ നെല്ലും പതിരും വേർതിരിച്ച് ഏറ്റവും നല്ല സിനിമകളെ ചരിത്രത്തിൽ അടയാളപ്പെടുത്തുക എന്ന ശ്രമകരമായ ദൗത്യമാണ് സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയത്തിലൂടെ സർക്കാർ നിർവഹിക്കുന്നത്. അവാർഡ് പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ വിവാദങ്ങളുടെ പെരുമഴയുണ്ടാവുന്ന പതിവിന് വിരാമമിട്ടുകൊണ്ടാണ് നാലാംവർഷവും ഈ സർക്കാരിൻെറ അവാർഡ് നിർണയങ്ങൾ നടന്നത് എന്നതിൽ അഭിമാനമുണ്ട്.

അർഹിക്കുന്ന കരങ്ങളിൽതന്നെ അംഗീകാരങ്ങൾ എത്തിക്കുന്നതിനായി, വീതംവെപ്പുകളും വിവാദപരമായ തീരുമാനങ്ങളുമില്ലാതെ സത്യസന്ധമായി വിധിനിർണയം നടത്തിയതിൻെറ പേരിൽ 50 ാമത് ചലച്ചിത്ര അവാർഡ് ജൂറിക്ക് നന്ദി പറയുന്നു. സിനിമയെന്ന കലയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത പുലർത്തി അംഗീകാരം കരസ്ഥമാക്കിയ എല്ലാ അവാർഡ് ജേതാക്കളെയും ഞാൻ ഹൃദയത്തിൻെറ ഭാഷയിൽ അഭിനന്ദിക്കുന്നു.



**കമൽ**


ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി



# സന്ദേശം

മലയാള സിനിമ 92 വർഷങ്ങൾ പൂർത്തിയാക്കിയെങ്കിലും കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ഏർപ്പെടുത്തിയിട്ട് 50 വർഷങ്ങളേ ആയിട്ടുള്ളൂ. കലാമൂല്യമുള്ള സിനിമയുടെ പ്രോൽസാഹനത്തിനായി കേരള സർക്കാർ 1969ലാണ് ആദ്യമായി സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയത്. 2019ലെ അവാർഡുകൾ അരനൂറ്റാണ്ടു തികയുന്ന വർഷത്തെ അംഗീകാരങ്ങളാണ്. അവാർഡിൻെറ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട സിനിമകളിൽ പരീക്ഷണാത്മക ചിത്രങ്ങൾ നിരവധി ഉണ്ടായിരുന്നുവെന്നും അവ മലയാള സിനിമയുടെ ഭാഷയും ശൈലിയും വളരെയേറെ മുന്നോട്ടു കൊണ്ടു പോവുന്നുവെന്നും വിധിനിർണയ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഡിജിറ്റൽ യുഗത്തിൽ സാങ്കേതികതയുടെ കലാപരമായ സാധ്യതകൾ സമർത്ഥമായി ഉപയോഗപ്പെടുത്തുന്ന നിരവധി ചെറുപ്പക്കാർ സിനിമാ രംഗത്തേക്കു കടന്നു വരുന്നുവെന്നത് പ്രത്യാശയുണർത്തുന്ന കാര്യമാണ്.

സംസ്ഥാന ചലച്ചിത്ര അവാർഡിൻെറ സുവർണജൂബിലിയുടെ നിറവിൽ വ്യത്യസ്തമായ പ്രമേയങ്ങളും ദൃശ്യപരിചരണരീതികളുമായി വന്ന് മലയാള സിനിമയെ മുന്നോട്ടു നയിക്കുകയും അതിന് സംസ്ഥാന സർക്കാരിൻെറ പുരസ്കാരം കരസ്ഥമാക്കുകയും ചെയ്ത എല്ലാ അവാർഡ് ജേതാക്കൾക്കും അഭിനന്ദനങ്ങൾ.



**സി. അജോയ്**
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി



# മുഖമൊഴി

സംസ്ഥാന ചലച്ചിത്ര അവാർഡിൻെറ സുവർണ ജൂബിലി വർഷമായ 2019ലെ അവാർഡുകളുടെ നിർണയം കോവിഡ് എന്ന മഹാമാരി കാരണം കുറച്ചു മാസങ്ങൾ നീണ്ടുപോയിരുന്നു. എന്നാൽ ലോക് ഡൗണിനുശേഷം എല്ലാവിധ സുരക്ഷാ മുൻകരുതലുകളും പാലിച്ച് അക്കാദമി ജൂറി സ്ക്രീനിംഗ് ആരംഭിക്കുകയും അവാർഡ് നിർണയം പൂർത്തിയാക്കുകയും ചെയ്തു. ജൂറി അംഗങ്ങളെയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അക്കാദമി ജീവനക്കാരെയും ആൻറിജൻ ടെസ്റ്റിനു വിധേയരാക്കി നെഗറ്റിവ് റിസൽട്ട് ലഭിച്ചതിനുശേഷമാണ് സ്ക്രീനിംഗ് നടത്തിയത്. കോവിഡിൻെറ പ്രതികൂലമായ സാഹചര്യത്തിലും മൂന്ന് ആഴ്ചക്കാലം രണ്ടു തിയേറ്ററുകളിലായി 119 സിനിമകൾ പ്രദർശിപ്പിച്ച് അവാർഡ് നിർണയവും പ്രഖ്യാപനവും സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ശ്രമകരമായ ദൗത്യമാണ് അക്കാദമി നിർവഹിച്ചത്. സിനിമ എന്ന കലയോടുള്ള അർപ്പണബോധവും ആത്മാർത്ഥതയും കൊണ്ട് 21 ദിവസങ്ങൾ ചെലവഴിച്ച് മികച്ച സിനിമകളെയും ചലച്ചിത്രപ്രതിഭകളെയും ശ്രദ്ധാപൂർവം കണ്ടെത്തിയ ജൂറി ചെയർമാൻ മധു അമ്പാട്ടിനെയും അംഗങ്ങളെയും അക്കാദമിയുടെ നന്ദി അറിയിക്കുന്നു.

വിവാദങ്ങളില്ലാത്ത വിധിനിർണയത്തിന് ചലച്ചിത്രപ്രവർത്തകരിൽനിന്നും പ്രേക്ഷകരിൽനിന്നും പത്രമാധ്യമങ്ങളിൽനിന്നും സോഷ്യൽ മീഡിയയിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. അവാർഡ് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ.

# ചലച്ചിത്ര വിഭാഗം
## ജൂറി അംഗങ്ങൾ

**ഇരിക്കുന്നവർ ഇടത്തുനിന്ന്**: എൻ. ലതിക (അംഗം), വിപിൻ മോഹൻ (അംഗം), മധു അമ്പാട്ട് (ചെയർമാൻ), സി. അജോയ് (മെമ്പർ സെക്രട്ടറി), എൽ. ഭൂമിനാഥൻ (അംഗം) **നിൽക്കുന്നവർ ഇടത്തുനിന്ന്**: ജോമോൾ (അംഗം), ബെന്യാമിൻ (അംഗം), സലിം അഹമ്മദ് (അംഗം), രാധാകൃഷ്ണൻ എസ്. (അംഗം), എബ്രിഡ് ഷൈൻ (അംഗം)



# രചനാവിഭാഗം
## ജൂറി അംഗങ്ങൾ

**ഇരിക്കുന്നവർ ഇടത്തുനിന്ന്:** ഡോ. ടി. അനിതാകുമാരി (അംഗം), ഡോ. വി. രാജകൃഷ്ണൻ (ചെയർമാൻ), പി.ജി.സദാനന്ദൻ (അംഗം), സി. അജോയ് (മെമ്പർ സെക്രട്ടറി)



## ജൂറി റിപ്പോർട്ട്

അവാർഡിനായി പരിഗണനയ്ക്കെത്തിയ 12 പുസ്തകങ്ങളും ജഡ്ജിംഗ് കമ്മിറ്റി സസൂക്ഷ്മം വിലയിരുത്തി. ഒറ്റയൊറ്റ സിനിമകളുടെ പഠനങ്ങൾ, സിനിമയുടെ സാങ്കേതിക വശങ്ങൾ വിശദീകരിക്കുന്ന കൃതികൾ, സിനിമയുടെ സാമൂഹ്യശാസ്ത്രത്തിലേക്ക് വെളിച്ചം വീശുന്ന രചനകൾ, സിനിമാചരിത്രത്തിന്റെ അംശങ്ങളടങ്ങുന്ന കൃതികൾ ഇങ്ങനെ വ്യത്യസ്തതരം പുസ്തകങ്ങളാണ് ഇക്കുറി ലഭിച്ചിട്ടുള്ളത്. പ്രമേയത്തിന്റെയും പ്രതിപാദനത്തിന്റെയും മൗലികത, വിഷയസ്വീകരണത്തിലെ ഏകാഗ്രത, ഗവേഷണമൂല്യം, സൈദ്ധാന്തിക ഘടകത്തിന്റെ സാന്നിദ്ധ്യം എന്നീ കാര്യങ്ങൾക്കാണ് കമ്മിറ്റി മുൻതൂക്കം നൽകിയത്. എന്നാൽ ഇത്തരത്തിലുള്ള കൃതികൾ പൊതുവേ കുറവായിരുന്നു. സിനിമയെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ അടങ്ങുന്ന ചില കൈപ്പുസ്തകങ്ങൾ ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവണത തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ചലച്ചിത്രാസ്വാദനത്തെ നവീകരിക്കാൻ സഹായിക്കുന്ന ഗൗരവമുള്ള പഠനങ്ങൾക്കുവേണ്ടി ഈ അവാർഡ് മാറ്റിവെയ്ക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. നമുക്ക് ദേശീയതലത്തിൽ ഉയർത്തിക്കാട്ടാൻ കഴിയുന്ന മൂല്യമുള്ള പുസ്തകങ്ങളുടെ രചനയെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം ഈ അവാർഡിന്റെ ആത്യന്തിക ലക്ഷ്യം എന്നുകൂടി കമ്മിറ്റിക്ക് അഭിപ്രായമുണ്ട്.

അവാർഡിനായി പരിഗണനയ്ക്കെത്തിയ 51 ലേഖനങ്ങളും കമ്മിറ്റി സസൂക്ഷ്മം വിലയിരുത്തി. പത്രപ്രവർത്തനത്തിന്റെ വിതാനം വിട്ടുയരാത്ത ദുർബ്ബല ലേഖനങ്ങൾ തൊട്ട് താത്വികാംശമുള്ള മികച്ച ലേഖനങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്. ഇവ വേർതിരിക്കുക എന്നതായിരുന്നു കമ്മിറ്റിയുടെ പ്രാഥമികമായ ജോലി. മറ്റ് വിജ്ഞാനശാഖകളിൽ നിന്ന് കടംകൊണ്ട സംജ്ഞകളും പദാവലിയും ആശയങ്ങളും ഉപയോഗിച്ച് തെരഞ്ഞെടുത്ത മലയാള സിനിമകളെ വ്യാഖ്യാനിക്കാനും വിലയിരുത്താനും ശ്രമിക്കുന്ന ചില ലേഖനങ്ങൾ ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഇത്തരം ലേഖനങ്ങൾക്കാണ് കമ്മിറ്റി പ്രഥമപരിഗണന നൽകിയത്. കമ്മിറ്റി കണക്കിലെടുത്ത മറ്റൊരു കാര്യം പ്രതിപാദന രീതിയുടെ മികവും ഭാഷയുടെ സ്പഷ്ടതയുമാണ്.

## ജൂറി നിർദ്ദേശങ്ങൾ

1. ജഡ്ജിംഗ് കമ്മിറ്റി പ്രത്യേകം നിർദ്ദേശിക്കുകയാണെങ്കിൽ പ്രസ്തുത വർഷത്തിലെ മികവുറ്റ ഒരു ചലച്ചിത്ര ഗ്രന്ഥം ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്താൻ ആവശ്യമായ സഹായം ചലച്ചിത്ര അക്കാദമി ചെയ്യേണ്ടതാണ്.

2. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള ഏറ്റവും മികച്ച സിനിമാ പഠന ഗ്രന്ഥത്തിന് ഒരു പ്രത്യേക പുരസ്കാരം ഏർപ്പെടുത്താവുന്നതാണ്.

3. സിനിമാ നിരൂപകർക്ക് വേണ്ടി ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഒരു ത്രിദിന ശില്പശാല നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.


# രചനാ
# വിഭാഗം

## മികച്ച ചലച്ചിത്ര ഗ്രന്ഥം

# സിനിമാ സന്ദർഭങ്ങൾ: സിനിമാശാലയും കേരളീയ പൊതുമണ്ഡലവും



ഡോ. പി. കെ. രാജശേഖരൻ




ഗ്രന്ഥകർത്താവ്

**ഡോ. പി. കെ. രാജശേഖരൻ**

രചയിതാവിന് 30,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും


സിനിമാ കൊട്ടകകളുടെ ഉയർച്ചയും വളർച്ചയുമായി ബന്ധപ്പെടുത്തി മലയാള സിനിമയുടെ ചരിത്രത്തെ നോക്കിക്കാണാനുള്ള കാമ്പുറ്റ ശ്രമം. ഏറെ ഗവേഷണമൂല്യമുള്ള ഒരു കൃതി.

## മികച്ച ചലച്ചിത്ര ലേഖനം

# 1. മാടമ്പള്ളിയിലെ മനോരോഗി
# 2. കോമാളി മേൽക്കൈ നേടുന്ന കാലം



ബിപിൻ ചന്ദ്രൻ




ലേഖകൻ

**ബിപിൻ ചന്ദ്രൻ**

രചയിതാവിന് 20,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

1. മന:ശാസ്ത്രപരമായ ഉൾക്കാഴ്ചയോടുകൂടി 'മണിച്ചിത്രത്താഴി'ലെ സ്ത്രീ കഥാപാത്ര ചിത്രീകരണത്തെ വിലയിരുത്തുന്നു. ദീർഘമായ സൈദ്ധാന്തിക ചർച്ച.
2. ലോകസിനിമയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യപ്പെടുന്ന മലയാള സിനിമയിലെ കോമാളിത്തം, ചിരി, ഭ്രാന്ത് എന്നിവ. അനേകം വാതായനങ്ങളുള്ള ഒരു വിഷയം.

## പ്രത്യേക ജൂറി പരാമർശങ്ങൾ

### ചലച്ചിത്ര ഗ്രന്ഥം

# സിനിമ : മുഖവും മുഖംമൂടിയും




ഡോ. രാജേഷ് എം. ആർ.

ഗ്രന്ഥകർത്താവ്

**ഡോ. രാജേഷ് എം. ആർ.**

രചയിതാവിന് ശില്പവും
പ്രശസ്തിപത്രവും




സിനിമയുടെ ഭിന്നമുഖങ്ങൾ അടയാളപ്പെടുത്താനുള്ള ശ്രമം ഇതിലുണ്ട്. ചലച്ചിത്ര സൗന്ദര്യശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും അംശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്.

### ചലച്ചിത്ര ലേഖനം

# ജെല്ലിക്കെട്ടിന്റെ ചരിത്രപാഠങ്ങൾ



ഡോ. സെബാസ്റ്റ്യൻ ജോസഫ്

ലേഖകർ

1. **ഡോ. സെബാസ്റ്റ്യൻ ജോസഫ്**
2. **സുധി. സി. ജെ.**

രചയിതാവിന് ശില്പവും
പ്രശസ്തിപത്രവും



ജെല്ലിക്കെട്ടിന്റെ ചരിത്രപാഠങ്ങൾ



സുധി. സി. ജെ.

ചരിത്രാംശങ്ങളുമായി ചേർത്തുവെച്ച് 'ജെല്ലിക്കെട്ടി'നെ അപഗ്രഥിക്കുന്നു. നിരീക്ഷണത്തിലെ തനിമയും ആവിഷ്കരണത്തിലെ കെട്ടുറപ്പും ലേഖനത്തെ പ്രത്യേക പരാമർശത്തിന് അർഹമാക്കി.

## ജൂറി റിപ്പോർട്ട്

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ ഏറെ എണ്ണം ചിത്രങ്ങൾ പുരസ്കാരത്തിനായി സമർപ്പിക്കപ്പെട്ട വർഷമായിരുന്നു ഇത്. അവയിൽ 50 ശതമാനത്തിൽ ഏറെയും നവാഗത സംവിധായകരുടേതാണ് എന്നത് പ്രതീക്ഷ ഉളവാക്കുന്ന വസ്തുതയാണ്. അവയിൽ പരീക്ഷണാത്മക ചിത്രങ്ങൾ നിരവധി ഉണ്ടായിരുന്നു. അവ മലയാള സിനിമയുടെ ഭാഷയും ശൈലിയും വളരെയേറെ മുന്നോട്ടു കൊണ്ടു പോവുന്നു എന്നത് ജൂറി സന്തോഷത്തോടെ നോക്കിക്കാണുന്നു.

## ജൂറി നിർദ്ദേശങ്ങൾ


1. സമർപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്ന സാഹചര്യത്തിൽ Rule (3) ൽ നിർദ്ദേശിക്കുന്നതിന് വ്യത്യസ്തമായി അവസാന റൗണ്ടിലേക്ക് പരിഗണിക്കാവുന്ന പരമാവധി ചിത്രങ്ങളുടെ എണ്ണം 21 - എന്നത് മാറ്റി മൊത്തം ചിത്രങ്ങളുടെ 30 ശതമാനം എന്ന് ആക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. താഴെ പറയുന്ന വിഭാഗങ്ങളിലേക്ക് അവാർഡുകൾ നിർദ്ദേശിക്കുന്നു.
    1. VFX
    2. Action Director
    3. Debutant Artist (Male & Female)
    4. ജനപ്രിയഗാനം

# ചലച്ചിത്ര
# വിഭാഗം







ഷിനോസ് റഹ്മാൻ



സജാസ് റഹ്മാൻ



സിജു വിൽസൻ



## മികച്ച ചിത്രം

# വാസന്തി

സംവിധായകർ


**റഹ്മാൻ ബ്രദേഴ്സ്**
**(ഷിനോസ് റഹ്മാൻ, സജാസ് റഹ്മാൻ)**

നിർമ്മാതാവ്

**സിജു വിൽസൻ**

നിർമ്മാതാവിന് 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും, സംവിധായകർക്ക് 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം.

വ്യത്യസ്തമായ ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോവേണ്ടി വരുന്ന പെൺകുട്ടിയുടെ സഹനവും അതിജീവനവും നാടകം, സിനിമ എന്നീ സങ്കേതങ്ങളുടെ സർഗാത്മകമായ സമ്മിശ്രണത്തിലൂടെ ആവിഷ്കരിക്കുന്ന സിനിമ.







മനോജ് കാന



## മികച്ച രണ്ടാമത്തെ ചിത്രം

# കെഞ്ചിര

സംവിധായകൻ

**മനോജ് കാന**


നിർമ്മാതാവ്

**മനോജ് കാന**

നിർമ്മാതാവിന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും, സംവിധായകന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും

ആദിവാസി സമൂഹം ഇന്ന് നേരിടുന്ന സ്വത്വ പ്രതിസന്ധികളെയും സാമൂഹിക പ്രശ്നങ്ങളെയും സമഗ്രമായി ആവിഷ്കരിക്കുന്ന ചിത്രം. വഞ്ചനയ്ക്കും ചൂഷണത്തിനും വിധേയരായി കിടപ്പാടം നഷ്ടപ്പെടുന്ന നിസ്സഹായരുടെ ദുരിത ജീവിതത്തിന്റെ നേർക്കാഴ്ചകൾ പകർത്തുന്ന സാമൂഹിക പ്രസക്തിയുള്ള സിനിമ.







ലിജോ ജോസ് പെല്ലിശ്ശേരി



## മികച്ച സംവിധായകൻ

# ലിജോ ജോസ് പെല്ലിശ്ശേരി

ചിത്രം

**ജെല്ലിക്കട്ട്**


2,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

മനുഷ്യന്റെ ആദിമവും വന്യവുമായ ചോദനകളെ അവതരിപ്പിക്കുന്ന വ്യത്യസ്തവും സങ്കീർണവുമായ പ്രമേയത്തെ മികച്ച കൈയടക്കത്തോടെയും ശില്പഭദ്രതയോടെയും ആവിഷ്കരിച്ച സംവിധാന മികവിന്.











സുരാജ് വെഞ്ഞാറമൂട്



## മികച്ച നടൻ

# സുരാജ് വെഞ്ഞാറമൂട്

ചിത്രങ്ങൾ

1. **ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ Ver 5.25**
2. **വികൃതി**

1,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

രണ്ടു ചിത്രങ്ങളിലെ തികച്ചും വ്യത്യസ്തമായ രണ്ടു കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങളെ ഹൃദയസ്പർശിയായി ആവിഷ്കരിച്ച അഭിനയമികവിന്.









കനി കുസൃതി



## മികച്ച നടി

# കനി കുസൃതി

ചിത്രം

**ബിരിയാണി**


1,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

മതവും പുരുഷാധിപത്യവും ചേർന്ന് ദുരിതത്തിലാഴ്ത്തിയ ഒരു പെൺകുട്ടിയുടെ നിസ്സഹായതയും സഹനങ്ങളും അതിജീവനശ്രമങ്ങളും അതിതീക്ഷ്ണമായി ആവിഷ്കരിച്ച അഭിനയമികവിന്.




ROYAL ENFIELD
SINCE 1901







ഫഹദ് ഫാസിൽ



## മികച്ച സ്വഭാവനടൻ

# ഫഹദ് ഫാസിൽ

ചിത്രം


**കുമ്പളങ്ങി നൈറ്റ്സ്**

50,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

ആണധികാരത്തിന്റെ നിർദയമായ സമീപനങ്ങളും കപടനാട്യങ്ങളും അതിഭാവുകത്വത്തിന്റെ സ്പർശമില്ലാതെ സ്വാഭാവികമായി അഭിനയിപ്പിച്ചു ഫലിപ്പിച്ച പ്രകടന മികവിന്.









സ്വാസിക വിജയ്



## മികച്ച സ്വഭാവനടി

# സ്വാസിക വിജയ്

ചിത്രം

**വാസന്തി**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

അസ്വാഭാവികമായ ജീവിതസാഹചര്യങ്ങളിൽ പെട്ടുപോകുന്ന ഒരു പെൺകുട്ടിയുടെ അതിജീവനശ്രമങ്ങളുടെ തീവ്രവും ഹൃദയസ്പർശിയുമായ ഭാവാവിഷ്കാരത്തിന്.











വാസുദേവ് സജീഷ് മാരാർ



## മികച്ച ബാലതാരം (ആൺ)

# വാസുദേവ് സജീഷ് മാരാർ

ചിത്രങ്ങൾ


1. **സുല്ല്**
2. **കള്ളനോട്ടം**

50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും

അപ്രതീക്ഷിതമായി അടഞ്ഞ ഒരിടത്ത് പെട്ടുപോകുന്ന ഒരു കുട്ടിയുടെ വിഹ്വലതയും ക്യാമറ എന്ന കൗതുകത്തിന് പിന്നാലെ നടന്ന് മുതിർന്നവരുടെ ക്രൂരമായ ലോകത്ത് എത്തിപ്പെടുന്ന കുട്ടിയുടെ നിസ്സഹായതയും മനോഹരമായി അവതരിപ്പിച്ച അഭിനയ മികവിന്.











കാതറിൻ ബിജി



## മികച്ച ബാലതാരം (പെൺ)


# കാതറിൻ ബിജി

ചിത്രം


**നാനി**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

നഗരജീവിതത്തിന്റെ യാന്ത്രികതയിൽ നിന്ന് പ്രകൃതിയുടെ മടിത്തട്ടിലേക്ക് എത്തിച്ചേരുന്ന ഒരു പെൺകുട്ടിയുടെ വിസ്മയഭാവങ്ങളെ മനോഹരമായി അവതരിപ്പിച്ച പ്രകടന മികവിന്.







ഷാഹുൽ അലിയാർ



## മികച്ച കഥാകൃത്ത്

# ഷാഹുൽ അലിയാർ

ചിത്രം

**വരി – ദ സെന്റൻസ്**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

നീതിന്യായ വ്യവസ്ഥയുടെ യാന്ത്രികതയും വധശിക്ഷയുടെ നൈതികതയും ഉൾപ്പെടെ സാമൂഹിക പ്രസക്തമായ നിരവധി വിഷയങ്ങളെ സർഗാത്മകമായി ആവിഷ്കരിക്കുന്ന രചനാമികവിന്.











പ്രതാപ് പി. നായർ



## മികച്ച ഛായാഗ്രാഹകൻ

# പ്രതാപ് പി. നായർ

ചിത്രങ്ങൾ


1. **ഇടം**
2. **കെഞ്ചിര**


50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

വ്യത്യസ്തമായ രണ്ടു ചിത്രങ്ങളിലെ കഥാന്തരീക്ഷങ്ങൾക്ക് തികച്ചും അനുയോജ്യമായ വിധത്തിലുള്ള ക്യാമറ ചലനങ്ങളിലൂടെയും ദീപവിന്യാസത്തിലൂടെയും ദൃശ്യങ്ങൾ പകർത്തിയ ഛായാഗ്രഹണ മികവിന്.









ഷിനോസ് റഹ്മാൻ



സജാസ് റഹ്മാൻ



## മികച്ച തിരക്കഥാകൃത്ത്

# റഹ്മാൻ ബ്രദേഴ്സ്

(ഷിനോസ് റഹ്മാൻ, സജാസ് റഹ്മാൻ)

ചിത്രം


**വാസന്തി**

25,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

നാടകവും ജീവിതവും ഇടകലരുന്ന വ്യത്യസ്തമായ ഒരു കഥയ്ക്ക് ചലച്ചിത്രാവിഷ്കാരം നൽകുന്നതിനായി ഒരുക്കിയ ശിൽപ്പഭദ്രമായ തിരക്കഥ.







പി.എസ്. റഫീഖ്



## മികച്ച തിരക്കഥ (അഡാപ്റ്റേഷൻ)

# പി.എസ്. റഫീഖ്

ചിത്രം


**തൊട്ടപ്പൻ**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

മൂലകഥയുടെ ശക്തിസൗന്ദര്യങ്ങൾ ചോർന്നു പോകാതെ ചലച്ചിത്രാവിഷ്കാരത്തിനായി അനുകൽപ്പനം നടത്തിയ രചനാമികവിന്.











സുജേഷ് ഹരി



## മികച്ച ഗാനരചയിതാവ്

# സുജേഷ് ഹരി

ചിത്രം

**സത്യം പറഞ്ഞാ വിശ്വസിക്കുവോ?**

ഗാനം

**“പുലരിപ്പൂ പോലെ ചിരിച്ചും....”**


50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

പ്രിയപ്പെട്ടവന്റെ അവഗണനയിലും സ്നേഹ നിരാസത്തിലും പെട്ട് ഉഴലുന്ന ഒരു പെൺകുട്ടിയുടെ ആത്മഗതങ്ങൾ ഭാവ തീവ്രവും കാവ്യാത്മകവുമായി ആവിഷ്കരിച്ച രചനാ മികവിന്.











സുശിൻ ശ്യാം



## മികച്ച സംഗീത സംവിധായകൻ (ഗാനങ്ങൾ)

# സുശിൻ ശ്യാം

ചിത്രം

**കുമ്പളങ്ങി നൈറ്റ്സ്**

ഗാനം

**എല്ലാ ഗാനങ്ങളും**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

കഥാന്തരീക്ഷത്തിന് ഉതകുന്ന വിധം മിതമായ സംഗീത ഉപകരണങ്ങൾ ഉപയോഗിച്ച് വ്യത്യസ്തമായ ഈണങ്ങൾ ഒരുക്കിയ സംഗീത സംവിധാന പാടവത്തിന്.


08 47
LG








അജ്മൽ ഹസ്ബുള്ള



## മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം)

# അജ്മൽ ഹസ്ബുള്ള

ചിത്രം


**വൃത്താകൃതിയിലുള്ള ചതുരം**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

പ്രമേയത്തിന്റെ ആഖ്യാനത്തിന് സഹായകമാകുന്ന വിധത്തിൽ കഥാഗതിയ്ക്ക് ഇണങ്ങുന്ന മിതവും വ്യത്യസ്തവുമായ പശ്ചാത്തല സംഗീതം ഒരുക്കിയതിന്.











നജീം അർഷാദ്



## മികച്ച പിന്നണി ഗായകൻ

# നജീം അർഷാദ്

ചിത്രം

**കെട്ട്യോളാണ് എന്റെ മാലാഖ**

ഗാനം

**"ആത്മാവിലെ വാനങ്ങളിൽ...."**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

പ്രണയത്തിന്റെയും വിരഹത്തിന്റെയും ഭാവങ്ങൾ ഹൃദയഹാരിയായി അവതരിപ്പിച്ച ആലാപന മികവിന്.









മധുശ്രീ നാരായൺ



## മികച്ച പിന്നണി ഗായിക

# മധുശ്രീ നാരായൺ

ചിത്രം

**കോളാമ്പി**

ഗാനം

**"പറയാതരികെ വന്ന പ്രണയമേ..."**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

അനുരാഗത്തിന്റെയും വേർപാടിന്റെയും ഭാവതീവ്രതകൾ ഹൃദയസ്പർശിയായി അവതരിപ്പിച്ച ആലാപന മികവിന്.











കിരൺ ദാസ്



## മികച്ച ചിത്രസംയോജകൻ

# കിരൺ ദാസ്

ചിത്രം

**ഇഷ്ക്**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

സിനിമയുടെ പ്രമേയം ആവശ്യപ്പെടുന്ന തരത്തിൽ കഥാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ക്രിയാത്മകമായ പങ്ക് വഹിച്ച ചിത്രസംയോജന മികവിന്.











ജ്യോതിഷ് ശങ്കർ



## മികച്ച കലാസംവിധായകൻ

# ജ്യോതിഷ് ശങ്കർ

ചിത്രങ്ങൾ

**1. കുമ്പളങ്ങി നൈറ്റ്സ്**

**2. ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ Ver. 5.25**


50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും


കഥാന്തരീക്ഷം ആവശ്യപ്പെടുന്ന തരത്തിലുള്ള സൂക്ഷ്മനിരീക്ഷണ പാടവത്തോടെയുള്ള പശ്ചാത്തല സജ്ജീകരണവും കഥാപാത്രങ്ങളുടെ മാനസിക വ്യാപാരം പ്രതിഫലിപ്പിക്കുന്ന പരിസരങ്ങളും ഒരുക്കിയ കലാസംവിധാന മികവിന്.




Adams







ഹരികുമാർ മാധവൻ നായർ

**മികച്ച സിങ്ക് സൗണ്ട്**

# ഹരികുമാർ
# മാധവൻ നായർ


ചിത്രം

**നാനി**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

പ്രകൃതിയിലെ സ്വാഭാവിക ശബ്ദങ്ങൾ അതിന്റെ തനിമയിലും അമ്മു എന്ന കഥാപാത്രത്തിന്റെ സംവേദനങ്ങൾ അതിന്റെ സൂക്ഷ്മതലങ്ങളിലും ഒപ്പിയെടുത്ത തൽസമയ ശബ്ദലേഖന മികവിന്.









കണ്ണൻ ഗണപത്



### മികച്ച ശബ്ദമിശ്രണം


# കണ്ണൻ ഗണപത്

ചിത്രം

**ജെല്ലിക്കട്ട്**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

ഇരയും വേട്ടക്കാരനും ഒന്നായി മാറുന്ന വന്യവും സംഘർഷഭരിതവുമായ കഥാന്തരീക്ഷത്തിലെ ശബ്ദങ്ങൾ വിദഗ്ധമായി സന്നിവേശിപ്പിച്ച ശബ്ദമിശ്രണ മികവിന്.









ശ്രീശങ്കർ



വിഷ്ണു ഗോവിന്ദ്





## മികച്ച ശബ്ദരൂപകൽപ്പന

1. ശ്രീശങ്കർ
2. വിഷ്ണു ഗോവിന്ദ്

ചിത്രങ്ങൾ

**ഉണ്ട, ഇഷ്ക്**

25,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും വീതം

കഥാന്തരീക്ഷത്തിന് അനുയോജ്യമായതും തീക്ഷ്ണമൂഹൂർത്തങ്ങളെ ധ്വനിപ്പിക്കുന്നതുമായ ശബ്ദാന്തരീക്ഷം സൃഷ്ടിച്ചെടുത്ത ശബ്ദരൂപകൽപ്പനയ്ക്ക്.









Rang Rays Media Works

ലിജു പ്രഭാകരൻ വി.സി



## മികച്ച പ്രോസസിംഗ് ലാബ്/ കളറിസ്റ്റ്

# ലിജു പ്രഭാകരൻ വി.സി

## Rang Rays Media Works

ചിത്രം

**ഇടം**


50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

വർണ്ണങ്ങളുടെയും കറുപ്പിന്റെയും തലങ്ങളുടെ മിതവും സ്ഥിരതയാർന്നതുമായ ദൃശ്യപരിചരണ മികവിന്.











രഞ്ജിത്ത് അമ്പാടി



## മികച്ച മേക്കപ്പ്മാൻ

# രഞ്ജിത്ത് അമ്പാടി

ചിത്രം

**ഹെലൻ**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

അതിശീതാവസ്ഥയിൽ അകപ്പെട്ടുപോയ ഒരു പെൺകുട്ടിയുടെ ശരീരത്തിന് സംഭവിക്കുന്ന രൂപഭേദങ്ങളെ തനിമയോടെയും സൂക്ഷ്മതയോടെയും ചമയിച്ചൊരുക്കിയ വൈദഗ്ധ്യത്തിന്.











അശോക് കുമാർ

## മികച്ച വസ്ത്രാലങ്കാരം

# അശോക് കുമാർ

ചിത്രം

**കെഞ്ചിര**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

ആദിവാസി സമൂഹത്തിന്റെ വേഷവിധാനങ്ങളുടെ തനിമയാർന്ന അവതരണത്തിന്.









വിനീത് രാധാകൃഷ്ണൻ



## മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ)

# വിനീത് രാധാകൃഷ്ണൻ

ചിത്രങ്ങൾ

1. **ലൂസിഫർ**
2. **മരക്കാർ : അറബിക്കടലിന്റെ സിംഹം**

കഥാപാത്രങ്ങൾ

1. **ബോബി** (വിവേക് ഒബ്റോയ്)
2. **അനന്തൻ** (അർജുൻ)

50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും

കഥാപാത്രങ്ങളുടെയും നടന്മാരുടെയും ഗാംഭീര്യവും ഭാവവും ഉൾക്കൊണ്ട് സ്വാഭാവികമായി ശബ്ദം പകർന്നു നൽകിയതിന്.


KL 07 CH 55











ശ്രുതി രാമചന്ദ്രൻ



## മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ)

# ശ്രുതി രാമചന്ദ്രൻ

ചിത്രം

**കമല**

കഥാപാത്രം

**കമല** (റൂഹാനി ശർമ്മ)

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

കമല എന്ന കഥാപാത്രത്തിന്റെ സ്വഭാവവും മാനസികാവസ്ഥയും ധ്വനിപ്പിക്കുന്ന വിധം സ്വ ഭാവികമായി ശബ്ദം പകർന്നു നൽകിയതിന്.









സി. പ്രസന്ന സുജിത്ത്



ബൃന്ദ



## മികച്ച നൃത്തസംവിധാനം

1. ബൃന്ദ
2. സി. പ്രസന്ന സുജിത്ത്

ചിത്രം

**മരയ്ക്കാർ : അറബിക്കടലിന്റെ സിംഹം**

25,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും വീതം

ഗാനത്തിന്റെ ഈണത്തിനും താളത്തിനും ഏറ്റവും അനുയോജ്യമായ ചുവടുകൾ ഒരുക്കിയ നൃത്തസംവിധാന മികവിന്.







ഫഹദ് ഫാസിൽ



നസ്രിയ നസിം



ദിലീഷ് പോത്തൻ



ശ്യാം പുഷ്കരൻ



മധു സി. നാരായണൻ



## ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ്

# കുമ്പളങ്ങി നൈറ്റ്സ്

നിർമ്മാതാക്കൾ

**1. ഫഹദ് ഫാസിൽ 2. നസ്രിയ നസിം**
**3. ദിലീഷ് പോത്തൻ 4. ശ്യാം പുഷ്കരൻ**


സംവിധായകൻ: **മധു സി. നാരായണൻ**


നിർമ്മാതാക്കൾക്ക് 25,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും വീതം,
സംവിധായകന് 1,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

കലാമൂല്യവും ജനപ്രിയ ഘടകങ്ങളും അതിവിദഗ്ധമായി സമന്വയിപ്പിച്ചുകൊണ്ട് ഒരു കായലോര ഗ്രാമത്തിലെ ശിഥിലമായ കുടുംബത്തിലെ സ്ത്രീപുരുഷബന്ധങ്ങളെ മനോഹരമായി ആവിഷ്കരിച്ച ചിത്രം.











രതീഷ് ബാലകൃഷ്ണൻ പൊതുവാൾ



## മികച്ച നവാഗത സംവിധായകൻ

# രതീഷ് ബാലകൃഷ്ണൻ പൊതുവാൾ

ചിത്രം

**ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ Ver. 5.25**

1,00,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും

അവഗണിക്കപ്പെടുന്ന വാർദ്ധക്യത്തിന്റെ വേദനകളെയും യന്ത്രവൽക്കരിക്കപ്പെട്ട ഡിജിറ്റൽ യുഗത്തിലെ സ്നേഹരഹിതമായ മനുഷ്യബന്ധങ്ങളെയും കൈയൊതുക്കത്തോടെ ആവിഷ്കരിച്ച സംവിധാന മികവിന്.









ഷാജി മാത്യു



സംവിദ് ആനന്ദ്



## മികച്ച കുട്ടികളുടെ ചിത്രം

# നാനി

നിർമ്മാതാവ്

**ഷാജി മാത്യു**

സംവിധായകൻ

**സംവിദ് ആനന്ദ്**

നിർമ്മാതാവിന് 3,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും.
സംവിധായകന് 1,00,000/- രൂപയും
ശില്പവും പ്രശസ്തിപത്രവും

നഗരകേന്ദ്രീകൃതമായി വളരുന്ന ബാല്യങ്ങൾക്ക് ഒരു മികച്ച സന്ദേശം നൽകുന്ന കുട്ടികളുടെ ചിത്രം. നിഷ്കളങ്ക ബാല്യത്തിന്റെ കൗതുകങ്ങളും പ്രകൃതിയുമായുള്ള ബന്ധവും സമൂഹത്തിൽ പതിയിരിക്കുന്ന അപകടങ്ങളും ഈ ചിത്രത്തിന്റെ പ്രമേയതലത്തിൽ കടന്നുവരുന്നു.











സിദ്ധാർത്ഥ് പ്രിയദർശൻ



## പ്രത്യേക ജൂറി അവാർഡ് (വിഷ്വൽ എഫക്ട്സ്)

# സിദ്ധാർത്ഥ് പ്രിയദർശൻ

ചിത്രം

**മരയ്ക്കാർ: അറബിക്കടലിന്റെ സിംഹം**

50,000/- രൂപയും ശില്പവും
പ്രശസ്തിപത്രവും


പ്രക്ഷുബ്ധമായ കടലിലെ യുദ്ധരംഗങ്ങളും കരയിലെ പോരാട്ടങ്ങളും യാഥാർത്ഥ്യ പ്രതീതി ജനിപ്പിക്കുന്ന വിധം സ്വാഭാവികതയോടെ ഒരുക്കിയ ദൃശ്യസാങ്കേതിക മികവിന്.











ഡോ.വി.ദക്ഷിണാമൂർത്തി



### പ്രത്യേക ജൂറി പരാമർശം

### സംഗീത സംവിധാനം

# ഡോ.വി.ദക്ഷിണാമൂർത്തി

ചിത്രം

**ശ്യാമരാഗം**

ശില്പവും പ്രശസ്തിപത്രവും

സംഗീത പ്രധാന്യമുള്ള സിനിമയിലെ ക്ലാസിക്കൽ സ്പർശമുള്ള മനോഹര ഗാനങ്ങൾ ഒരുക്കിയ സംഗീതസംവിധാന മികവിന്.










നിവിൻ പോളി





## പ്രത്യേക ജൂറി പരാമർശം

## അഭിനയം

# നിവിൻ പോളി

ചിത്രം


**മൂത്തോൻ**

ശില്പവും പ്രശസ്തിപത്രവും

ലക്ഷദ്വീപിലെ മതാത്മക ജീവിതത്തിന്റെയും മുംബൈ നഗരത്തിലെ അധോലോക ജീവിതത്തിന്റെയും ദ്വന്ദ്വഭാവങ്ങളെയും സംഘർഷഭരിതമായ പുരുഷകാമനകളെയും അയത്നലളിതമായി ആവിഷ്കരിച്ച അഭിനയമികവിന്.











അന്ന ബെൻ



## പ്രത്യേക ജൂറി പരാമർശം

## അഭിനയം

# അന്ന ബെൻ

ചിത്രം

**ഹെലൻ**


ശില്പവും പ്രശസ്തിപത്രവും

മരണത്തെ മുഖാമുഖം കാണുന്ന പ്രതിസന്ധി ഘട്ടത്തിൽ അകപ്പെട്ട പെൺകുട്ടി മനോബലം കൊണ്ടും സ്ഥിരോത്സാഹം കൊണ്ടും അതി ജീവിക്കുന്നതിന്റെ തീക്ഷ്ണമായ ഭാവാവിഷ് കാരത്തിന്.











പ്രിയംവദ കൃഷ്ണൻ



## പ്രത്യേക ജൂറി പരാമർശം

## അഭിനയം

# പ്രിയംവദ കൃഷ്ണൻ

ചിത്രം

**തൊട്ടപ്പൻ**

ശില്പവും പ്രശസ്തിപത്രവും

കൊലയാളികളുടെയും മോഷ്ടാക്കളുടെയും ഇടയിൽ ജീവിക്കേണ്ടി വരുന്ന ഒരു പെൺകുട്ടിയുടെ ആത്മസംഘർഷങ്ങളുടെയും പ്രണയ കാമനകളുടെയും തീവ്രമായ ഭാവാവിഷ്കാര മികവിന്.

50 -ാമത്

കേരള
സംസ്ഥാന
ചലച്ചിത്ര
അവാർഡ്
2019

# Address List of Winners

**1. Dr. P.K.Rajasekharan**
Ayyappa Sadanam
Karippuru, Malayinkeezhu.P.O.,
Thiruvananthapuram – 695 571

**2. Shri. Bipin Chandran**
Ramalayam, Vandangal,
Ponkunnam, Kottayam –
686 506

**3. Dr. Rajesh M.R.**
Maliackal House,
Kurumassery.P.O.,
Ernakulam – 683 579

**4. Dr. Sebastian Joseph**
Chennithala house
Ponkunnam PO
Kottayam- 686506

**5. Shri. Sudhi C.J**
Sankeerthnam, Cherukole P.O.
Mavelikkara-690104

**6. Shri. Shinos Rahman**
Kamivalappil House
West – Kodungalloor
Aluva, Ernakulam – 683110

**7. Shri. Sajas Rahman**
Kamivalappil House
West – Kodungalloor
Aluva, Ernakulam – 683110

**8. Shri. Siju Wilson**
Nereveetil House,
Nazrath Road, Aluva,
Ernakulam – 683101

**9. Shri.Manoj Kana**
Kana House, Payyannur (Via)
Kannur – 670307

**10. Shri. Lijo Jose Pellissery**
Flat No.3076, C Block,
Federal City, Karayamparambu,
Angamaly, Ernakulam –
683 572

**11. Shri. Suraj Venjaramood**
'Vaishnavam',
Panayaram,
Venjaramoodu.P.O.,
Thiruvananthapuram –
695707

**12. Smt. Kani Kusruti**
Villa 3, House No 603/3,
Bambolim Villa,
Survey No. 44/2,
Santa Cruz,
Cujira, Bambolim, Panjim,
Goa- 403202.

**13. Shri. Fahadh Faasil**
28D Choice Paradise,
Choice Towers,
Refinery Road,
Thrippunithura,
Ernakulam – 682 301

**14. Ms. Swasika Vijay**
Sreesaillam House
Nellad.P.O.,
Muvattupuzha,
Ernakulam – 686669

**15. Master. Vasudev Sajeesh Marar**
Thundiyil House,
AIMS, Ponekkara.P.O.,
Vadakkummuri,
Edappally – 682041

**16. Kathryn Biji**
Theakanathe House
Thengode.P.O.,
Kakkanad, Kochi –
682030

**17. Shri. Shahul Aliyar**
2/917 A - 'Sarang'
Chakkitteda,
Eranhippalam.P.O.,
Kozhikkode -
673006.

**18. Shri. Pratap.P.Nair**
Samba Bhavan,
STRA 109,
Kottiyode Lane,
Ulloor, Akkulam Lane,
Thiruvananthapuram – 31.

**19. Shri. P.S. Rafeeque**
Palliparambil House,
Eriyad.P.O.,
Kodungallur,
Thrissur- 680666

**20. Shri. Sujesh Hari**
Vijayamangalam
Perumkulam.P.O.,
Kottarakkara – 691566

**21. Shri. Sushin Shyam**
2nd Floor, Dr. Raj Krishnans,
Dental Clinic Buildings,
North Fort Gate,
Thrippunithura,
Kochi – 682 301

**22. Shri. Ajmal Hasbullah**
Ajmali's Varachazhikam
Vadakkevila.P.O.,
Kollam

**23. Shri. Najim Arshad**
Sajna, TC 6/2249
Valiyavila,
Vattiyoorkavu.P.O.,

**24. Ms. Madhusree Narayan**
KWRAB26
Thekkedam Lane
Thamalam, Poojappura.P.O.,
Thiruvananthapuram

**25. Shri. Kiran Das**
Thushara House,
Near KITCO,
Puthiya Road (East)
Vennala.P.O., Kochi.

**26. Shri. Jothish Sankar**
Kakkam Parambil (H),
Thalavady.P.O.,
Alappuzha,

**27. Shri. Harikumar Madhavan Nair**
Uthara, Vallupura,
Marappalam,
Thiruvananthapuram

**28. Shri. Kannan Ganpat**
Royal Apartments
PLT NO 9/10, Flat No: S2,
Vijayanagar 3rd
St. Sridevi Garden,
Valsaravakkam,
Chennai – 600087

**29. Shri. Vishnu Govind**
Padinjare Thottasseril,
Karumbhagam.P.O.,
Thiruvalla, Pathanamthitta

**30. Shri. Sreeshankar Sankar**
No.23, Balaji Nagar,
Thilakar Street
Thundalam, Thiruverkadu.P.O.,
Chennai – 77,
Tamilnadu.

**31. Shri. Liju Prabhakar**
Rang Rays Media Works,
Three Dots Film Studio,
Koonamthai, Edappally,
Ernakulam – 682024

**32. Shri. Ranjith Ambadi**
Cherukadapuram,
North Kuthiyathodu.P.O.,
Puthenvelekara, Aluva.

**33. Shri. Ashok Kumar**
Vattekkadu House,
Punnapra North.P.O., Paravoor,
Alappuzha – 688014

34. Shri. Vineeth Radhakrishnan
Flat 4C. Krishna Ormes Leigh,
New No.2 Old No. 36/37,
Dr.Muniyppa Road,
Kilpauk, Chennai – 600010
Tamilnadu.

35. Ms. Sruthi Ramachandran
Rachana, Kunduvelil Road,
Vazhakkala, Kakkanad,
Kochi – 680 030

36. Smt. Brindha G.
No. 7, Nachiappan street,
Nungambakkam,
Chennai – 34

37. Shri. Prasanna Sujith.C
201, Siri Classic Sreenivasa
Colony East,
Near Aster Prime Hospital
Telegana – 500038

38. Shri. Madhu. C. Narayanan
Chakkom, Chathurthodi,
Manjakkadu,
Shornur, Palakkadu -
979121

39. Smt. Nazriya Nazim
28D Choice Paradise,
Choice Towers, Refanery Road,
Trhippunithura – 682301

40. Shri. Shyam Pushkaran
No. 14, Good Earth,
Hamlet, Good Earth Lane,
Vennala, Kochi – 682028

41. Shri. Dileesh Pothen
No.04, Good Earth,
Hamlet, Good Earth Lane,
Vennala, Kochi – 682028

42. Shri. Ratheesh Poduval
708-B Wing, Mantri Serene
Off Filmcity Road,
Opp. New MHADA Colony,
Gorgaon East, Mumbai,

43. Shri. Samvid Anand
Nir Art Centre
210, Nebsurai, 1GNOU Road,
Newdelhi – 67

44. Shri. Shaji Mathew
B 37, Geethanjali Enclave,
Malaya Nagar,
Newdelhi – 110017

45. Shri. Siddarth Priyadarsan
No.6, Veerabadran Street,
Vallurarkottam
Nungambakkam,
Chennai – 600034

46. Smt. Kalyani
W/o. Dr.V.Dakshinamoorthy (Late)
Flat.No.4, Balakavi Flats, 8/23,
Thiruvika, 3rd Street, Mylapore,
Chennai – 600004.

47. Shri. Nivin Pauly
Kalaparambath House,
Althara, GCDA Road,
Thottakattukara.P.O.,
Ernakulam – 683103

48. Ms. Anna Ben
Pulimoottil House
Nayarambalam.P.O.
Vypin, Ernakulam – 682 509

49. Ms. Priyamvada Krishnan
Charulatha, 16th Street,
Hari Nagar,
Poonkunnam, Thrissur



# 50 -ാമത്
# കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് 2019


**KERALA STATE CHALACHITRA ACADEMY**

Sathyan Memorial Building, KINFRA Film and Video Park
Sainik School P.O, Kazhakoottam, Thiruvananthapuram-695585
Tel: 0471 2756622, 2755322 E-mail: office@keralafilm.com
website:www.keralafilm.com

# KERALA STATE FILM AWARDS 2019






2021 January 29
Tagore Theatre
Thiruvananthapuram

KERALA STATE CHALACHITRA ACADEMY

Indic Digital Archive Foundation
gpura.org